'ഭരണഭാഷ- മാതൃഭാഷ'



## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.വി. പത്മനാഭനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.187/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/01/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.02.2015-ലെ ഇ13 (എസ് സി 55/14/KNR)26283/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 21.03.2015-ലെ 1982/ഡി1/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 08.12.2015-ലെ 415/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. പി.വി. പത്മനാഭൻ സമർപ്പിച്ച 12.02.2016-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 03.08.2018-ലെ ഡി9-1315/2016 നമ്പർ കത്ത്

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തിലെ കടവുകളിൽ നിന്നും അനധികൃതമായി മണൽ നീക്കം ചെയ്യുന്നുവെന്ന സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & കറപ്ഷൻ ബ്യൂറോ, കണ്ണൂർ യൂണിറ്റ് മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. പഞ്ചായത്തിന്റെ 22/03/2014 ലെ 2-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ക്വാട്ട മണൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും സർക്കാർ ഉദ്യോഗസ്ഥരാരെയും ഉൾപ്പെടുത്താതെ 7 അംഗ സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

2. പൊതുജനങ്ങളിൽ നിന്നും പഞ്ചായത്ത് ക്വാട്ട മണലിനുള്ള അപേക്ഷ ബോർഡ് മെമ്പർമാർ നേരിട്ട് സ്വീകരിച്ചിരുന്നു. ഇതിനു കൈപ്പറ്റ് രസീത് നൽകുകയോ ഏതെങ്കിലും രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിരുന്നില്ല.

3. ഗുണഭോക്താക്കൾക്കനുവദിച്ച മണലിന്റെ വില രസീതു നൽകാതെ അതാതു വാർഡുകളിലെ മെമ്പർമാർ ഈടാക്കുകയും പ്രസ്തുത തുക അവർതന്നെ ഗുണഭോക്താവിനുവേണ്ടി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിരുന്നു.

4. കണ്ണൂർ ജില്ലാ കളക്ടറുടെ 18/04/2014 ലെ LR.26695/13 നം. ഉത്തരവ് പ്രകാരം, ക്വാട്ട മണലിന്റെ 15 ശതമാനം ഓരോ പഞ്ചായത്തിനും പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന മരാമത്ത്, സ്കൂൾ, ആരാധനാലയം, സാംസ്കാരിക സ്ഥാപനങ്ങൾ, സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ട ഭാവന നിർമ്മാണം, മറ്റ് അടിയന്തരാവശ്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ചിരുന്നു. ഈ ഉത്തരവ് പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും പഞ്ചായത്തിന് പുറത്തു താമസിക്കുന്നവർക്കായി ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തി.

5. 2012-ൽ മണൽ ക്വാട്ട ബുക്കിങ് ആരംഭിച്ചതിനു ശേഷം പഞ്ചായത്തിൽ മണൽ ബുക്ക് ചെയ്യുന്നതിനായി ലഭിച്ച മൊത്തം അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിന് യാതൊരു വിധ രജിസ്റ്ററുകളും പാലിച്ചിരുന്നില്ല. എന്നാൽ മണൽ ലഭ്യമായ ഗുണഭോക്താക്കളുടെ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചിരുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നു.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ നാറാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി.വി. പത്മനാഭനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. പി.വി. പത്മനാഭൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ നാറാത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ താൻ സെക്രട്ടറിയായി ജോലി ചെയ്തത് 19.12.2013 മുതൽ 06.06.2014 വരെയുള്ള 6 മാസക്കാലം മാത്രമാണെന്നും പ്രസ്തുത പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ 2012 മുതൽ കണ്ണൂർ ജില്ലയിൽ നടപ്പാക്കിയ ഇ-മണൽ വിതരണ നടപടിക്രമം സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ലെന്നും നാറാത്ത് ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചപ്പോൾ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച സബ് കമ്മിറ്റിയാണ് അപേക്ഷകൾ സ്വീകരിക്കുകയും അർഹതയുടെയും മുൻഗണനയുടെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നതെന്നും താൻ ജോലിയിൽ പ്രവേശിച്ചതിനു ശേഷവും പ്രസ്തുത നടപടി തുടരുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അനുവദിക്കുന്ന ഓരോ ഗുണഭോക്താവിന്റെ പേരും മണലിന്റെ അളവും കടവിന്റെ പേരും കൃത്യമായി സബ്-കമ്മിറ്റി യോഗം ചേർന്ന് തീരുമാനം എടുക്കുകയും മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നുവെന്നും റേഷൻ കാർഡ്, തിരഞ്ഞെടുപ്പ് ഐഡന്റിറ്റി കാർഡ് എന്നിവ നാറാത്ത് പഞ്ചായത്തിലേത് ആവുകയും വിവാഹം മൂലവും മറ്റും ഇതര പഞ്ചായത്തിലേക്ക് താമസം മാറുകയോ അവിടെ സ്ഥലം ലഭ്യമായതിനാൽ വീട് നിർമ്മിക്കുകയോ ചെയ്യുന്നവർക്കാണ് മറ്റ് പഞ്ചായത്തുകളിലേക്ക് മണൽ നൽകിയിട്ടുള്ളതെന്നും കണ്ണൂർ ജില്ലാ കളക്ടർ പുറപ്പെടുവിച്ച എൽ 5/855/14 നമ്പർ കത്തിൽ പഞ്ചായത്ത് ക്വാട്ട വിതരണം ചെയ്യുന്നത് സംബന്ധിച്ച് പൂർണ അധികാരം തദ്ദേശ സ്വയംഭരണ സമിതിക്കും സെക്രട്ടറിമാർക്കുമാണ് എന്നും ഗുണഭോക്താക്കളെ പഞ്ചായത്തുകളിൽ നിന്നോ പുറത്തു നിന്നോ കണ്ടെത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ഉത്തമ ബോധ്യത്തോടെ ചെയ്ത പ്രവർത്തിയുടെ നടപടിക്രമങ്ങളിൽ തന്റെ ഭാഗത്തു നിന്നും എതെങ്കിലും വീഴ്ച വന്നെങ്കിൽ ആയത് മാപ്പാക്കിത്തരണമെന്നും അപേക്ഷിക്കുകയുണ്ടായി.

ശ്രീ. പി.വി. പത്മനാഭൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്ത് ക്വാട്ടയിൽ അനുവദിക്കുന്ന മണൽ പഞ്ചായത്ത് അധികാര പരിധിയിലുള്ള പ്രവർത്തികൾക്കും വ്യക്തികൾക്കും നൽകുന്നതിനാണെന്നും എന്നാൽ പഞ്ചായത്ത് അതിർത്തിക്ക് വെളിയിൽ മണൽ അനുവദിച്ചു നൽകിയിട്ടുണ്ടെന്നുമുള്ള ആരോപണത്തിന് റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ നാറാത്ത് ഗ്രാമപഞ്ചായത്തിലാവുകയും വിവാഹം മൂലവും മറ്റ് ഇതരഗ്രാമപഞ്ചായത്തുകളിലേക്ക് താമസം മാറ്റുകയും അവിടെ സ്ഥലം ലഭ്യമായതിനാൽ വീട് നിർമ്മിക്കുകയോ ചെയ്തവർക്കാണ് മണൽ അനുവദിച്ചതെന്ന ടിയാന്റെ വാദം, ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച വ്യക്തമായ

നിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ശ്രീ. പി.വി. പത്മനാഭൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടു. നേരിൽ കേട്ട അവസരത്തിലും ശ്രീ. പി.വി. പത്മനാഭൻ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ച കാര്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

ശ്രീ. പി.വി. പത്മനാഭൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും നേരിൽ കേട്ട വേളയിൽ ശ്രീ. പി.വി. പത്മനാഭൻ ബോധിപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടർ കടവുകൾ ഉൾക്കൊള്ളുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് അയച്ചു നൽകിയ കത്തിൽ പഞ്ചായത്ത് ക്വാട്ടയിൽ മണൽ വിതരണം ചെയ്യുന്നതിനുള്ള പൂർണ അധികാരം ഭരണസമിതിക്കും സെക്രട്ടറിമാർക്കുമാണെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതി സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയതിൽ അപാകതകൾ ഇല്ലെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ അംഗീകരിക്കാവുന്നതാണ്. പഞ്ചായത്ത് ക്വാട്ട മണലിനുള്ള അപേക്ഷ പഞ്ചായത്ത് ചുമതലപ്പെടുത്തിയ സബ് കമ്മിറ്റി അംഗങ്ങൾ പൊതു ജനങ്ങളിൽ നിന്ന് നേരിട്ട് സ്വീകരിച്ച് സബ് കമ്മിറ്റി യോഗം ചേർന്ന് കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. പഞ്ചായത്ത് ക്വാട്ടയിൽ അനുവദിക്കുന്ന മണൽ പഞ്ചായത്ത് അതിർത്തിക്ക് പുറത്തുള്ളവർക്ക് അനുവദിച്ചെന്ന ആരോപണത്തിൽ, റേഷൻ കാർഡ്, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് എന്നിവ നാറാത്ത് ഗ്രാമപഞ്ചായത്തിലാവുകയും വിവാഹം മൂലവും മറ്റും ഇതര പഞ്ചായത്തുകളിലേക്ക് താമസം മാറ്റുകയും ചെയ്തവർക്കാണ് അനുവദിച്ചതെന്ന വാദം അംഗീകരിക്കാവുന്നതാണ്. പഞ്ചായത്ത് ക്വാട്ടയിൽ മണൽ അനുവദിച്ചു നൽകുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണെന്ന് വ്യക്തമാക്കുന്ന ഉത്തരവുകളൊന്നും ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിക്കുന്ന സമയത്ത് വന്നില്ലായിരുന്നുവെന്നും 23.10.2014-ലെ ജില്ലാ കളക്ടറുടെ ഉത്തരവിലാണ് പഞ്ചായത്ത് ഭരണസമിതിക്കും സെക്രട്ടറിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാം എന്ന നിർദ്ദേശം വന്നത് എന്നതിനാൽ പഞ്ചായത്ത് ഭരണസമിതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് സബ് കമ്മിറ്റിയെ ചുമതലപെടുത്തിയതിൽ അപാകതയില്ലെന്നും, പഞ്ചായത്ത് ക്വാട്ടയിൽ മണൽ അനുവദിക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശമില്ലാതിരുന്ന സമയത്ത് ആയതിന്റെ സുഗമമായ നടത്തിപ്പിന് ഭരണസമിതി ഒരു സബ് കമ്മിറ്റയെ തിരഞ്ഞെടുത്തു ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി മണൽ വിതരണം നടത്തിയതിന് സെക്രട്ടറിയെ കുറ്റക്കാരനായി കാണാൻ സാധിക്കില്ലെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായം പരിഗണനാർഹമാണെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. പി.വി. പത്മനാഭൻ 31.05.2019-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ നാറാത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. പി.വി. പത്മനാഭനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. പി.വി. പത്മനാഭൻ, മുൻ സെക്രട്ടറി, നാറാത്ത് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ,

തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി1/719/2019/വിജി. തീയതി 25.10.2019 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/415/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ